compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 23
**Tuesday, 23rd December 2025**

1201 ധനു 8
**8th Dhanu 1201**

1947 അഗ്രഹായനം 2
**2nd Agrahayana 1947**

വാല്യം 14
**Vol. XIV**

നമ്പർ
**No.** **51**

## Part III

## Water Resources Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്വട്ടേഷൻ/ലേല പരസ്യം

നമ്പർ സി1-394/2015(VOL III). 2025 ഡിസംബർ 15.

ജലവിഭവ വകുപ്പിൽ പരപ്പനങ്ങാടി ഇറിഗേഷൻ സബ് ഡിവിഷന്റെ കീഴിൽ വരുന്ന പുഴകളുടെയും, കനാലുകളുടെയും തീരത്തും മറ്റുമുള്ള ഡിപ്പാർട്ട്മെന്റ് വക സ്ഥലത്തുള്ള ഫല വൃക്ഷങ്ങൾ (തെങ്ങുകളടക്കം) ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിലെ മേലാദായം 1-1-2026 മുതൽ 31-12-2026 വരെയുള്ള ഒരു കൊല്ലത്തേക്ക് അനുഭവിക്കുന്നതിന് വേണ്ടി നിർദ്ദിഷ്ട ഫോറത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. പട്ടിക സംബന്ധിച്ച ക്വട്ടേഷൻ ഫോറങ്ങൾ 26-12-2025 വൈകുന്നേരം 4 മണിവരെ പരപ്പനങ്ങാടി ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. പൂരിപ്പിച്ച ക്വട്ടേഷനുകൾ ക്വട്ടേഷൻ ഫോറം ലഭിച്ച ഓഫീസിൽ മാത്രമേ സ്വീകരിക്കുകയുള്ളു. ക്വട്ടേഷൻ 30-12-2025 വൈകുന്നേരം 4 മണിവരെ സ്വീകരിക്കുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറുകളുടെ പുറത്ത് ലോട്ട് നമ്പർ എഴുതിയിരിക്കണം.

ഏകദേശ അടങ്കൽ തുക—₹ 3 ലക്ഷം

ക്വട്ടേഷനോടൊപ്പം ₹1,000 (ആയിരം രൂപ മാത്രം) നിരതദ്രവ്യം നൽകേണ്ടതാണ്. നിരതദ്രവ്യം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും പരപ്പനങ്ങാടി ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ അധികാരപ്പെടുത്തിയതായിരിക്കണം. നിരതദ്രവ്യമില്ലാത്ത ക്വട്ടേഷനുകൾ സാധുവായി സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ നൽകിയവർ അതാത് ദിവസത്തെ ലേല സ്ഥലത്ത് നിശ്ചിത സമയത്ത് തന്നെ എത്തേണ്ടതാണ്. ക്വട്ടേഷൻ താൽകാലികമായി സ്വീകരിച്ചാൽ ക്വട്ടേഷൻ തുകയും ആകെ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽ വിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി സമർപ്പിക്കുകയോ അല്ലെങ്കിൽ വ്യക്തിയുടെ പൂർണ്ണമായ തിരിച്ചറിയലിന് കഴിയുന്നതും ഏതെങ്കിലും ഡിപ്പാർട്ട്മെന്റ് നൽകിയതോ ആയ രേഖകൾ (ഡ്രൈവിംഗ് ലൈസൻസ്, പാസ്പ്പോർട്ട്, വോട്ടർ ഐഡൻന്റിറ്റി കാർഡ്, ആധാർ കാർഡ് തുടങ്ങിയ രേഖകളിൽ ഏതെങ്കിലും) നിരതദ്രവ്യം കെട്ടിവെയ്ക്കുന്നതിന് മുമ്പായി ക്വട്ടേഷൻ/ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഇത്തരം രേഖകൾ ഹാജരാക്കാത്തവരെ യാതൊരു കാരണവശാലും ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. പരസ്യലേലം 31-12-2025 തീയതിക്ക് പരപ്പനങ്ങാടി ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ വെച്ച് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ആൾ ലേലം തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പായി ഓരോ ലോട്ടിനും ₹1,000 (ആയിരം രൂപ മാത്രം) നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതുമാണ്.

ലേലസംഖ്യ പരമാവധി വിളിച്ച് കഴിഞ്ഞാൽ തൽസമയം ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ കൂടുതൽ തുക എന്ന് പരിശോധിച്ച് കൂടുതലുള്ള തുകയ്ക്ക് മേലനുഭവങ്ങൾ എടുക്കുവാനുള്ള അവകാശം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ക്വട്ടേഷൻ/ലേലം കൊണ്ടയാൾ മുഴുവൻ ക്വട്ടേഷൻ/ലേല തുകയും ആകെ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ/ലേലം കൊണ്ടയാൾ ലേലം ഉറപ്പിച്ച വിവരം അറിഞ്ഞ ഉടൻതന്നെ ലീസ് എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്. ലീസ് എഗ്രിമെന്റ് വെയ്ക്കുന്നതിന് മുൻപായി ഫലവൃക്ഷങ്ങളിലെ മേലാദായം അനുഭവിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ക്വട്ടേഷൻ/ലേലം കൊണ്ടയാൾ തനിക്ക് അവകാശം ലഭിച്ച നിശ്ചിത പരിധിയിൽ വരുന്ന ലോട്ടുകളിലെ ഫല വൃക്ഷങ്ങൾക്ക് (തെങ്ങുകൾ, കവുങ്ങുകൾ മുതലായവ) അതാതു കാലങ്ങളിൽ തക്ക സമയത്ത് പച്ചിലവളം, രാസവളം മുതലായവ വകുപ്പ് മേലധികാരികളുടെ മേൽനോട്ടത്തിൽ ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം തുല്യമായ സംഖ്യ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും വസൂലാക്കുന്നതാണ്. മുൻകാലങ്ങളിൽ നടത്തിയ ലേലങ്ങളിൽ ലേല നിബന്ധനകൾ പാലിക്കാതിരുന്ന ലേലം കൊണ്ടയാളുകൾക്ക് യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല. ലേലം വിളിച്ചെടുക്കാത്തവരുടെ നിരതദ്രവ്യം അതാത് ദിവസത്തെ ലേലം മുഴുവനായി തീർന്ന ഉടൻ മടക്കിക്കൊടുക്കുന്നതാണ്. നിശ്ചിത ദിവസം മുഴുവൻ ലേലവും തീർന്നില്ലെങ്കിൽ അടുത്ത ദിവസം രാവിലെ 10 മണിയ്ക്ക് ലേലം തുടരുന്നതാണ്. ജലസേചന വകുപ്പിലെ നിലവിലുള്ള മറ്റ് എല്ലാ നിബന്ധനകളും ഈ ലേലങ്ങൾക്കും ബാധകമായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പരപ്പനങ്ങാടി ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് അന്വേഷിച്ച് അറിയാവുന്നതാണ്.

ലേല സ്ഥലം—പരപ്പനങ്ങാടി ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്.

ലേല തീയതിയും സമയവും—31-12-2025, രാവിലെ 10 മണി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസ് പരപ്പനങ്ങാടിയുടെ പരിധിയിൽ വരുന്ന ലോട്ടുകളുടെയും തെങ്ങുകൾ അടക്കമുള്ള ഫലവൃക്ഷങ്ങളുടെയും വിവരങ്ങൾ.

പട്ടിക

| ക്രമ നമ്പർ | ലോട്ട് നമ്പർ | ഫലവൃക്ഷങ്ങളുടെ തരം | എണ്ണം | ലോട്ടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം | റിമാർക്സ് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 1 | തെങ്ങ്<br>പ്ലാവ്<br>മാവ്<br>മഹാഗണി | 25<br>3<br>1<br>4 | ഓൾഡ് കട്ടിന്റെ ഇരുകരകൾ | |
| 2 | 2 | തെങ്ങ് | 5 | ചീർപ്പിങ്ങൽ അംഗനവാടിക്ക് (No.5) സമീപം | |
| 3 | 3 | തെങ്ങ്<br>കമുങ്ങ്<br>പ്ലാവ്<br>മാവ്<br>കശുമാവ് | 41<br>27<br>2<br>1<br>1 | പള്ളി സമീപം സയൻസ് പാർക്ക് കോമ്പൗണ്ട് വരെ | |
| 4 | 4 | തെങ്ങ്<br>കമുങ്ങ്<br>പ്ലാവ്<br>മാവ് | 12<br>16<br>5<br>5 | ചീർപ്പിങ്ങൽ പാലം കഴിഞ്ഞ് ഇടതുവശത്ത് | |
| 5 | 5 | തെങ്ങ്<br>മഹാഗണി | 17<br>14 | കാളംതിരുത്തി പാലത്തിന്റെ അപ്സ്ട്രീം ഭാഗത്ത് | |
| 6 | 6 | തെങ്ങ്<br>പ്ലാവ്<br>മാവ്<br>മഹാഗണി | 38<br>4<br>2<br>1 | കാളംതിരുത്തി പാലത്തിന് ശേഷം | |
| 7 | 7 | മാവ്<br>കമുങ്ങ്<br>മുളക്കൂട്ടം<br>പ്ലാവ്<br>പുളി | 14<br>1<br>2<br>21<br>1 | ഉള്ളണം, കൊടിഞ്ഞി | |
| 8 | 8 | തെങ്ങ് | 57 | പൂരപ്പുഴ ലോക്കിന്റെ പാതവശം പുഴയോട് ചേർന്ന ഭാഗം | മുൻ വർഷങ്ങളിലെ എണ്ണത്തേക്കാൾ എണ്ണം കുറവ് 8 . |
| 9 | 9 | തെങ്ങ് | 3 | പൂരപ്പുഴ ലോക്കിന്റെ വലതുവശം പുഴയോട് ചേർന്ന ഭാഗം | |
| 10 | 10 | തെങ്ങ് | 15 | പൂരപ്പുഴ ലോക്കിന്റെ തെക്ക് ഭാഗം കനാലിന്റ കിഴക്ക് ഭാഗം | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 11 | 11 | തെങ്ങ് | 4 | പൂരപ്പുഴ ലോക്ക് മുതൽ തെക്ക് അങ്ങാടി പാലം വരെ പടിഞ്ഞാറ് കര | |
| 12 | 12 | തെങ്ങ് | 34 | കനാലിന്റ കിഴക്ക് ഭാഗം | മുൻ വർഷങ്ങളിലെ എണ്ണത്തേക്കാൾ. എണ്ണം കുറവ് 3 |
| 13 | 13 | തെങ്ങ് | 24 | കനാലിന്റ കിഴക്ക് കര | |
| 14 | 14 | തെങ്ങ് | 15 | അങ്ങാടി പാലത്തിന്റെ തെക്ക് ഭാഗം കനാലിന്റെ കിഴക്ക് ഭാഗം | |
| 15 | 15 | തെങ്ങ് | 55 | അങ്ങാടി പാലത്തിന്റെ കിഴക്ക് ഭാഗം | മുൻ വർഷങ്ങളിലെ എണ്ണത്തേക്കാൾ. എണ്ണം കുറവ് 4 |
| 16 | 16 | തെങ്ങ് | 65 | അങ്ങാടി പാലത്തിന്റെ തെക്ക് ഭാഗം കനാലിന്റെ കിഴക്ക് കര | മുൻ വർഷങ്ങളിലെ എണ്ണത്തേക്കാൾ. എണ്ണംകുറവ് 3 |
| 17 | 17 | തെങ്ങ് | 8 | കനാലിന്റെ പടിഞ്ഞാറ് ഭാഗം അഞ്ചാം നാഴികകല്ലിന് വടക്ക് ഭാഗം ചീരാൻകടപ്പുറം | |
| 18 | 18 | തെങ്ങ് | 20 | കനാലിന്റെ പടിഞ്ഞാറ് ഭാഗം അഞ്ചാം നാഴികകല്ലിന് വടക്ക് ഭാഗം ചീരാൻകടപ്പുറം | |
| 19 | 19 | തെങ്ങ് | 56 | അങ്ങാടി പാലത്തിന് തെക്ക് ഭാഗം കനാലിന്റെ പടിഞ്ഞാറ് കര | |
| 20 | 48 | തെങ്ങ്<br>മാവ്<br>പ്ലാവ്<br>കമുങ്ങ്<br>മുളക്കൂട്ടം<br>കശുമാവ്<br>മഹാഗണി<br>തേക്ക്<br>പുളി | 325<br>11<br>37<br>166<br>9<br>3<br>2<br>3<br>6 | കീരനെല്ലൂർപ്പുഴയുടെ ഇരുകരകൾ | |

ലോട്ടുകളുടെ എണ്ണം—20

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്,
ജനസേചന വിഭാഗം, പരപ്പനങ്ങാടി.

(ഒപ്പ്)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.23 04:55:04 +05:30